

## കത്തുകൾ

# സഞ്ചാരത്തെ ആര് പ്രോത്സാഹിപ്പിക്കും?

**സഞ്ചാരത്തിന്റെ** ഇസ്‌ലാമിക മാനത്തെക്കുറിച്ചുള്ള ടി.കെ യൂസുഫിന്റെ ലേഖനം വായിച്ചു(67/21). പുരാതന കാലങ്ങളിൽ ത്യാഗങ്ങൾ സഹിച്ചുള്ള സഞ്ചാരമായിരുന്നു. ചിലപ്പോൾ പിറന്ന നാട്ടിലേക്ക് തിരിച്ചെത്താത്ത രൂപത്തിലുള്ള ദീർഘ കാല യാത്രകൾ. വ്യാപാരാവശ്യാർഥം, അറബികളുടെ ഇടനില വ്യാപാരം ഒഴിവാക്കി, 1498ൽ വാസ്കോഡ ഗാമയുടെ യൂറോപ്പിൽനിന്ന് ഇന്ത്യയിലേക്കുള്ള യാത്ര ദുഷ്കരമായിരുന്നു. ഇസ്‌ലാമിന്റെ പ്രചരണാവശ്യാർഥം മാലികുബ്നു ദീനാറും സഹചാരികളും കേരള തീരത്തെത്തുന്നതും സാഹസിക യാത്രക്ക് ശേഷമായിരുന്നു. അത്‌ലാന്റിക് സമുദ്രത്തിന്റെ മറുകര തേടി യൂറോപ്പിൽനിന്ന് കൊളംബസ്സിന്റെ കപ്പൽ യാത്രയും ഏതു വിധേനയും പുതിയ മേച്ചിൽ പുറങ്ങൾ കണ്ടെത്താനുള്ള ആവേശത്തിൽ നിന്നുണ്ടായതായിരുന്നു. അതി പുരാതന കാലങ്ങളിൽ മധ്യേഷ്യയിൽ നിന്നും യൂറോപ്പിൽനിന്നും ആര്യന്മാരുടെ ഇന്ത്യയിലേക്കുള്ള യാത്രയും കൂടുതൽ സുഖസൗകര്യങ്ങളന്വേഷിച്ചുള്ളതായിരുന്നു. എന്തിനധികം, കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യപകുതി വരെ കേരളത്തിൽനിന്ന് കരമാർഗം ഹജ്ജിനുള്ള യാത്രയും ദുർഘടം പിടിച്ച വഴിയിൽ കൂടിയുള്ളതായിരുന്നു. കേരളത്തിൽനിന്ന് ഗുജറാത്ത്, പാകിസ്താൻ (അന്നത്തെ ഇന്ത്യൻഭാഗം), അഫ്ഗാൻ, ഇറാൻ വഴി മാസങ്ങളോളമുള്ള സാഹസ സഞ്ചാരത്തിന് ശേഷമായിരുന്നു മക്കയിലെത്തിയിരുന്നത്. പലർക്കും യാത്രാ മധ്യേ ജീവൻ തന്നെ നഷ്ടപ്പെടാറുണ്ടായിരുന്നു.

ഇതെല്ലാം സഞ്ചാരത്തിന്റെ പഴയ കാല കഥകൾ. ഇന്ന് കേരളത്തിൽ നിന്നുള്ള നല്ലൊരു വിഭാഗം വിവിധ ഗൾഫ് നാടുകളിലും യൂറോപ്പ്, അമേരിക്ക പോലുള്ള വിദേശ രാജ്യങ്ങളിലുമാണ് ജോലിയാവശ്യാർഥം കുടിയേറിയിരിക്കുന്നത്. പ്രകൃതിരമണീയമായ കേരളം പ്രവാസികളിൽ പലർക്കും ഇന്ന് അന്യമായിക്കൊണ്ടിരിക്കുകയാണ്. പലരും ഒന്നോ രണ്ടോ വർഷത്തിനുള്ളിൽ കുറഞ്ഞ അവധിക്ക് നാട്ടിൽ വന്നുപോകുന്നു. പലരും കുടുംബത്തോടൊപ്പം കേരളത്തിനകത്തും തൊട്ടടുത്ത സംസ്ഥാനങ്ങളിലും കുറഞ്ഞ ദിവസങ്ങളിൽ സുരക്ഷിതമായ യാത്ര ആഗ്രഹിക്കുന്നവരാണെങ്കിലും സാധിക്കാറില്ല. സുരക്ഷിതമായി രാത്രിയിൽ കുടുംബസമേതം തങ്ങാനുള്ള ലോഡ്ജിംഗിന്റെ അപര്യാപ്തതയും ഉണ്ട്. ഇതാണ് ചിലർ ഇത്തരം ടൂർ പ്രോഗ്രാമിൽനിന്ന് പിൻവലിയാൻ കാരണം. ഇത്തരം സൗകര്യങ്ങൾ ഒരുക്കിയുള്ള ഒരു ടൂർ പാക്കേജ് ഗൾഫ് മലയാളികൾ ആഗ്രഹിക്കുന്നു. ഇതിന് കേരളത്തിൽ ആര് മുൻകൈയെടുക്കുമെന്നതാണ് പ്രധാന പ്രശ്നം. പ്രസ്ഥാനവുമായി ബന്ധപ്പെട്ടവർ ഇത്തരം സംരംഭത്തിന് തുടക്കമിട്ടാൽ പ്രവാസികൾ സഹകരിക്കുമെന്നാണ് വിശ്വാസം. കേരളത്തിലെ പ്രസ്ഥാന പ്രവർത്തകർ സഹകരിച്ച് ഓരോ ജില്ലയിലും ഇത്തരം ടൂർ പാക്കേജുകൾ ആവശ്യാനുസാരം സംഘടിപ്പിക്കുകയാണെങ്കിൽ കുറച്ചുപേർക്കെങ്കിലും തൊഴിലവസരവും ലഭ്യമാവും.

**കെ.പി മുഹമ്മദ്, താത്തൂർ, റിയാദ്**

# കള്ളവോട്ടു പ്രചാരണം അടിസ്ഥാന രഹിതം

**കോഴിക്കോട്** കുന്ദമംഗലത്ത് വികസന മുന്നണി പ്രവർത്തകനായ പുല്ലോട്ട് റസാഖ് കള്ളവോട്ടു ചെയ്തെന്നും അതുവഴി ലീഗിന് ഒരു സീറ്റ് നഷ്ടപ്പെട്ടെന്നുമുള്ള പ്രചാരണം വ്യാപകമായി നടക്കുന്നുണ്ട്. ഇരുപതു വർഷമായി കുന്ദമംഗലം പഞ്ചായത്തിലെ 8–ാം വാർഡിലെ പുല്ലോട്ട് എന്ന് പ്രദേശത്ത് സ്ഥിരതാമസക്കാരനാണിദ്ദേഹം. ഇദ്ദേഹത്തിനു ലഭിച്ച സ്ലിപ്പിൽ ക്രമനമ്പർ 66, ബൂത്ത് നമ്പർ 3 പുല്ലോട് റസാഖ് എന്നാണെഴുതിയത്. ഐഡന്റിറ്റി കാർഡ് സഹിതമാണ് അദ്ദേഹം വോട്ടുചെയ്യാൻ ബൂത്തിലെത്തിയത്. ഉദ്യോഗസ്ഥർ പതിവുപോലെ ഉച്ചത്തിൽ പേരുവായിക്കുകയും ലീഗിന്റേതടക്കമുള്ള ബൂത്ത് ഏജന്റുമാർ ശരിവെക്കുകയും ചെയ്തശേഷമാണ് ഐ.ഡി കാർഡ് കാണിച്ച് വോട്ടു ചെയ്തത്. വോട്ടർ പട്ടികയിൽ പിതാവിന്റെ പേര് വ്യത്യസ്തമായതാണ് കള്ളവോട്ടു പ്രചാരണത്തിന് പ്രേരകം. ഏതൊരു വോട്ടർക്കും സ്ഥാനാർഥികളുടെ പാർട്ടികൾ നൽകുന്ന സ്ലിപ്പിൽ പിതാവിന്റെ പേരുണ്ടാവാറില്ല. പിതാവിന്റെ പേരിലെ വ്യത്യാസം മുൻനിറുത്തി ലീഗിന്റേതടക്കമുള്ള ബൂത്ത് ഏജന്റുമാർ തടസ്സം ഉന്നയിക്കാതിരുന്നത് ഇദ്ദേഹം സുപരിചിതനും ഇദ്ദേഹത്തിന്റെ സത്യസന്ധതയിൽ വിശ്വാസമുള്ളതുകൊണ്ടും തന്നെയായിരുന്നു. പക്ഷേ, പ്രശ്നം തുടങ്ങുന്നത് ആറുവർഷം മുമ്പ് ഈ വാർഡിൽ നിന്നും താമസം മാറിയ റസാഖ് എന്ന ലീഗുകാരൻ ഇതേ ക്രമനമ്പറിൽ വോട്ടുചെയ്യാൻ വന്നപ്പോഴാണ്. സ്വാഭാവികമായും പ്രിസൈഡിംഗ് ഓഫീസർ അദ്ദേഹത്തിന് വോട്ടുചെയ്യാൻ അവസരം നൽകിയില്ല. എന്നാൽ ടെണ്ടർ വോട്ട് ചെയ്യാൻ അദ്ദേഹത്തിന് അവസരമുണ്ടായിരുന്നു. അതിന് അദ്ദേഹം ആവശ്യപ്പെട്ടില്ല. അദ്ദേഹത്തിനുവേണ്ടി ലീഗിന്റെ ബൂത്ത് ഏജന്റുമാരും ആവശ്യപ്പെട്ടില്ല. ടെണ്ടർ വോട്ട് ചെയ്തിരുന്നുവെങ്കിൽ ലീഗിന് അവിടെ ജയിക്കാമായിരുന്നു, ബി.ജെ.പി ജയിക്കില്ലായിരുന്നു. ഈ വാർഡിൽ യു.ഡി.എഫിനും ബി.ജെ.പിക്കും തുല്യവോട്ടാണ് ലഭിച്ചത്. ലീഗിന്റെ കുത്തക സീറ്റായ ഈ വാർഡിൽ ബി.ജെ.പിക്ക് ഇത്രയും വോട്ടു ലഭിച്ചത് സ്വന്തം മുന്നണിക്കാർ കാലുവാരിയതാണെന്ന് വ്യക്തം. ഈ വാർഡിൽ ബ്ലോക് സ്ഥാനാർഥിക്ക് (കോണി ചിഹ്നത്തിൽ തന്നെ മത്സരിച്ച) ലഭിച്ചതിനേക്കാൾ 42 വോട്ടു കുറവാണ് ലീഗിന്റെ വാർഡ് സ്ഥാനാർഥിക്ക് ലഭിച്ചത്. നറുക്കെടുപ്പിൽ ബി.ജെ.പി ജയിച്ചതോടെയാണ് കള്ളവോട്ടു പ്രചാരണം ലീഗ് ആരംഭിച്ചത്. ജനകീയ വികസന മുന്നണി പ്രവർത്തകന്റെ കടതകർത്തും പ്രവർത്തകരെ നടുറോഡിലിട്ടു മർദിച്ചും ഓഫീസ് തകർത്തുമാണ് നേതൃത്വത്തിന്റെ ഒത്താശയോടുകൂടി യൂത്ത് ലീഗുകാർ അഴിഞ്ഞാടിയത്. ഇരുപത് വർഷം മുമ്പ് ഇവിടെ ബി.ജെ.പി സ്ഥാനാർഥി ദേവൻ എന്നയാളെ ജയിപ്പിച്ചത് മുസ്‌ലിംലീഗായിരുന്നുവെന്നും ഓർക്കണം.

**അൻവർ സാദത്ത് കുന്ദമംഗലം**

# സംയുക്ത ഈദ്ഗാഹ്, ഇതൊരു തുടക്കമാവട്ടെ

**കോഴിക്കോട്** സിറ്റിയിൽ വർഷങ്ങളായി നടന്നുവരുന്ന മൂന്ന് പ്രധാന ഈദുഗാഹുകൾ സംയുക്തമായി ഒറ്റ ഈദ്ഗാഹായി നടത്തിയത് ഈ വർഷം കേരളത്തിന് ഒരു പുതിയ സന്ദേശം നൽകിയിരിക്കുന്നു. കോഴിക്കോട് ജില്ലാ കലക്ടർ ഡോ. പി.ബി സലിം വിളിച്ചു ചേർത്ത മൂന്ന് ഈദ്ഗാഹ് കമ്മിറ്റികളിലും ഉത്തരവാദപ്പെട്ടവരുടെ യോഗത്തിലെ തീരുമാനമനുസരിച്ചാണ് സംയുക്ത ഈദ്ഗാഹ് നടന്നത്. ഇങ്ങനെ ഒരു ഐക്യവേദി ഈദ്ഗാഹ് വിഷയത്തിൽ ഉണ്ടായതിന് പിന്നിലെ സൂത്രധാരൻ ജില്ലാ കളക്ടർ ഡോ. പി.ബി സലിമിനെ ഇക്കാര്യത്തിൽ അഭിനന്ദിക്കാതിരിക്കാൻ കഴിയില്ല. കലക്ടറുടെ കൂടെ തോട്ടത്തിൽ റഷീദ് സാഹിബും സന്ദർഭത്തിനൊത്ത് ഉയർന്നു. മൂന്ന് ഈദ്ഗാഹ് കമ്മിറ്റികളും ഇതുമായി സഹകരിക്കുകയായിരുന്നു. കെ.എൻ.എം എ.പി അബ്ദുൽഖാദർ മൗലവി വിഭാഗത്തിന്റെ കോഴിക്കോട് ഈദ്ഗാഹ് കമ്മിറ്റി, ജമാഅത്തെ ഇസ്‌ലാമിയുടെ നേതൃത്വത്തിലുള്ള സിറ്റി ഈദ്ഗാഹ് കമ്മിറ്റി, കേരള നദ്‌വത്തുൽ മുജാഹിദീൻ മടവൂർ വിഭാഗത്തിനു കീഴിലെ ടൗൺ ഈദ്ഗാഹ് കമ്മിറ്റി എന്നിവയാണ് സംയുക്ത ഈദ്ഗാഹ് കമ്മിറ്റിയിലുള്ളത്. ഈ നല്ല തുടക്കം തുടർന്നും നിലനിന്നു കാണണമെന്ന ആഗ്രഹം ഈദ്ഗാഹിൽ പങ്കെടുത്ത ആയിരങ്ങൾക്കുണ്ട്. ഈദ്ഗാഹുകൾ ഒന്നിപ്പിക്കുന്നതുകൊണ്ട് നിലവിലുള്ള സംഘടനകളുടെ ആദർശാശയങ്ങൾക്ക് പോറലേൽക്കുകയില്ലെന്ന കലക്ടറുടെ അഭിപ്രായമാണ് സമുദായത്തിന്റെ പൊതു ധാരണയെന്ന് പ്രതികരണങ്ങൾ വ്യക്തമാക്കിതന്നു. വിശ്വാസികളുടെ ആത്മാർഥമായ ആഗ്രഹം നിറവേറ്റി ഈ സൽസംരംഭം എന്നെന്നും നിലനിർത്താനും മറ്റുള്ളവർക്ക് മാതൃകയാക്കാനും സംയുക്ത ഈദ്ഗാഹ് കമ്മിറ്റി ശ്രദ്ധിക്കണമെന്നതാണ് പ്രധാനകാര്യം. ഈ സംരംഭം നിലനിൽക്കണമെങ്കിൽ സംഘാടകർ ശ്രദ്ധിക്കേണ്ട ചില വിഷയങ്ങളുണ്ട് – ഈദ്ഗാഹുകളുടെ നടത്തിപ്പ് സംബന്ധമായ അടിസ്ഥാന വിഷയങ്ങൾ തീരുമാനമെടുക്കുമ്പോൾ സിറ്റിയിലെ പൊതുസമ്മതരായ വ്യക്തികളുടെ സാന്നിധ്യം ഉണ്ടാവുക. അവരുടെ ശ്രദ്ധയോടും അറിവോടും കൂടി കാര്യങ്ങൾ നിർവഹിക്കപ്പെടുക. ഖുത്ബകൾ സ്വന്തം സംഘടനയുടെ ആവശ്യത്തിനും ഇതര വിഭാഗങ്ങളുടെ നേരെയുള്ള വിമർശനങ്ങൾക്കും ആവാതിരിക്കുക. പരസ്പര ബഹുമാനവും ആദരവും നിലനിർത്തി, സംഘടനാ പക്ഷപാതിത്തത്തിനതീതമായി പ്രവർത്തിക്കുക എന്നിവ പ്രധാനമാണ്.

ഇതൊക്കെ ശ്രദ്ധിക്കാൻ ബന്ധപ്പെട്ട സംഘടനകൾക്കാവുമെങ്കിൽ ഈ സംയുക്ത ഈദ്ഗാഹ് സമുദായ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലായി മാറുക തന്നെ ചെയ്യും. അല്ലാഹു സഹായിക്കട്ടെ.

**സി. മുഹമ്മദ് കോയ പാലാഴി**

# ആവേശം നൽകുന്ന ലേഖനം

**പ്രബോധനം** 2010 നവംബർ 20ലെ 'ഭൂരിപക്ഷം ലഭിക്കാത്ത പ്രവാചകന്മാർ' എന്ന ലേഖനം കാലിക പ്രസക്തവും ആവേശം നൽകുന്നതുമാണ്. ജനകീയ മുന്നണി സ്ഥാനാർഥിയുടെ തെരഞ്ഞെടുപ്പ് ഏജന്റ് ആയതിനാൽ രൂക്ഷമായ പ്രതികരണങ്ങൾ നേരിടേണ്ടിവന്ന ഒരാളാണ് ഈ കുറിപ്പുകാരൻ. പോളിംഗ് ഏജന്റും കൗണ്ടിംഗ് ഏജന്റുമൊക്കെ ആയിരുന്നതിനാൽ ഫലപ്രഖ്യാപനത്തിനു ശേഷം പുറത്തിറങ്ങിയപ്പോൾ നാട്ടുകാരിൽനിന്ന് മർദനങ്ങളും കടുത്ത പരിഹാസങ്ങളും ഏൽക്കേണ്ടി വന്നു. എന്നെ ചെളിവെള്ളം തെറിപ്പിക്കുകയും ഷർട്ടിൽ പച്ചചായം തേക്കുകയും അസഭ്യവർഷം ചൊരിയുകയുമൊക്കെ ചെയ്തവർ 'മുസ്‌ലിം' പാർട്ടിയിൽ പെട്ടവർ! നേരത്തെ ആദരവോടെ സമീപിച്ചവർ, തെരഞ്ഞെടുപ്പിൽ രംഗത്തിറങ്ങി എന്നത് കൊണ്ടു മാത്രം വൈരികളായി മാറി. *പ്രബോധന*ത്തിലെ ചിന്തോദ്ദീപകമായ ഇത്തരം ലേഖനങ്ങൾ വരും നാളുകളിൽ തീർച്ചയായും എല്ലാവർക്കും പ്രചോദനം നൽകും. അഭിനന്ദനങ്ങൾ!

**അബൂഅജ്മൽ മലപ്പുറം**

# സഞ്ചാരത്തെപ്പറ്റി

**'സഞ്ചാരം** ഇസ്‌ലാമിന്റെ കാഴ്ചപ്പാടിൽ' (67/21) എന്ന ടി.കെ യൂസുഫിന്റെ ലേഖനം ശ്രദ്ധേയമാണ്. വിഷയം കുറേക്കൂടി ആഴത്തിൽ പഠിക്കേണ്ടതുണ്ട്.

ഖുർആന്റെ പ്രപഞ്ചവർണനകൾ തന്നെ ഏതൊരാളെയും സഞ്ചാരത്തിനു പ്രേരിപ്പിക്കും. ചിന്തയും തജ്ജന്യമായ വിശ്വാസ ദാർഢ്യതയും ലഭിക്കാൻ സഞ്ചാരം ഏറെ ഉതകും. ഖുർആനും സുന്നത്തും വിവിധ രൂപത്തിലുള്ള സഞ്ചാരങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഇസ്‌ലാമിക പ്രവർത്തനങ്ങൾക്കായുള്ള യാത്രകൾ, ഇസ്‌ലാമിക വ്യവസ്ഥിതിയിലേക്കുള്ള യാത്രകൾ (ഹിജ്റ), ജീവിതായോധനത്തിനുള്ള യാത്രകൾ, പഠനത്തിനും മാനസികോല്ലാസത്തിനും വേണ്ടിയുള്ള യാത്രകൾ..... ഇവയൊക്കെ നമ്മുടെ ഉദ്ദേശ്യവും സന്ദർഭവും പോലെ പുണ്യകർമങ്ങളായി പരിണമിക്കുകയും ചെയ്യും. ഉദാഹരണത്തിന് ഇസ്‌ലാമിലെ അതിമഹത്തായ പുണ്യകർമമാണല്ലോ ജിഹാദ്. എന്നാൽ ദൈവമാർഗത്തിലുള്ള ഈ സമരത്തെയും ജീവിക്കാൻ വേണ്ടിയുള്ള നമ്മുടെ ഭൗതിക സമരത്തെയും ഖുർആൻ ഒരേ ചരടിൽ കോർത്തിട്ടുണ്ട്: "നിങ്ങളിൽ ചിലർ ദൈവാനുഗ്രഹം തേടി ഭൂമിയിൽ സഞ്ചരിക്കുന്നവരും ചിലർ ദൈവമാർഗത്തിൽ സമരം ചെയ്യുന്നവരുമാണെന്ന് അല്ലാഹുവിനറിയാം" (*അൽ മുസ്സമ്മിൽ* 20) ഈ സൂക്തത്തിന്റെ വെളിച്ചത്തിൽ ഉമർ(റ) ഒരിക്കൽ ഇങ്ങനെ പറയുകയുണ്ടായി: "ദൈവ മാർഗത്തിൽ സമരം ചെയ്തുകൊണ്ടിരിക്കെ മരിക്കുന്നതാണ് എനിക്ക് ഏറെ ഇഷ്ടം. പിന്നെ അല്ലാഹുവിന്റെ അനുഗ്രഹം തേടുന്ന അവസരത്തിലും"

കൊടൈക്കനാലിലെ ഗിരിശൃംഗങ്ങളും താഴ്‌വാരങ്ങളിൽ അച്ചടക്കത്തോടെ വളരുന്ന വൃക്ഷ ശേഖരങ്ങളും കന്യാകുമാരിയിലെ അസ്തമയ സൗന്ദര്യവും സിംലയിലെ മഞ്ഞുമലകളും ഹിമവൽ ശൃംഗങ്ങളുടെ ഗാംഭീര്യവും കാണുന്ന ആൾക്ക് എങ്ങനെയാണ് ദൈവാസ്തിത്വം നിഷേധിക്കാനാവുക? ...അഥവാ സംശുദ്ധവും സുദൃഢവുമായ വിശ്വാസം(ഈമാൻ) ലഭിക്കാൻ കൊതിക്കുന്ന ഏതൊരാൾക്കും കുടുംബസമേതമുള്ള വിനോദസഞ്ചാരങ്ങൾ ഫലം ചെയ്യും. ഒപ്പം യാത്രയിലെ സുന്നത്തുകൾ പാലിക്കുമ്പോഴേ

അവയ്ക്ക് ഒരാത്മീയ ടച്ച് ലഭിക്കൂ എന്ന് പറയേണ്ടതില്ല. നബി(സ) അനുയായികൾക്കൊപ്പം നടത്തിയ യാത്രകൾ പരിശോധിച്ചാൽ അവയിലെ സുന്നത്തുകൾ മനസിലാകും. യാത്രയിൽ ഉയർന്ന സ്ഥലങ്ങളിലെത്തുമ്പോൾ പ്രവാചകൻ അല്ലാഹുവെ പ്രകീർത്തിക്കുമായിരുന്നു (തക്ബീർ ചൊല്ലും). താഴ്‌വാരങ്ങളിലെത്തുമ്പോൾ ദൈവത്തെ പരിശുദ്ധപ്പെടുത്തും (തസ്ബീഹ് ചൊല്ലും). കൂട്ടത്തിൽ പറയട്ടെ, ലേഖകൻ വിനോദസഞ്ചാരത്തിന് തെളിവായി ഉദ്ധരിച്ച ഖുർആൻ സൂക്തങ്ങളിലൊന്ന് (തൗബ 112) അവിടെ അനുയോജ്യമല്ല. 'അസ്സാഇഹൂൻ' എന്ന 'സിയാഹത്ത്' വെറും സഞ്ചാരമല്ല. പ്രസ്തുത ദീനീസംസ്ഥാനപനാർഥമുള്ള യാത്രകളാണ് (തഫ്ഹീമുൽ ഖുർആൻ 2:222 കാണുക).

**ഹസനുൽബന്ന കുഞ്ഞിമംഗലം**

## ഇന്നലെകളിലേക്ക് മനസ് തുറക്കുക

**ഹാദിയുടെ** 'ഭൂരിപക്ഷം ലഭിക്കാത്ത പ്രവാചകന്മാർ' എന്ന ലേഖനത്തിലെ (ലക്കം 67/24) "നിങ്ങളുടെ കൈകാലുകൾ എതിരെ മുറിച്ചു കളയുമെന്ന് വിശ്വാസികളോട് ഫറോവ ഭീഷണിപ്പെടുത്തിയ വാക്കുകൾ തന്നെയല്ലെ വിജയികളുടെ ആഹ്ലാദ പ്രകടനങ്ങളിൽ മുഴങ്ങിയ കൈയും വെട്ടും കാലും വെട്ടും വേണേൽ നിന്റെ തലയും വെട്ടും" എന്ന വരികൾ വായിച്ചപ്പോൾ, ഞങ്ങളുടെ കവലയിൽ, തെരഞ്ഞെടുപ്പിൽ വിജയിച്ചവർ വിളിച്ച മുദ്രാവാക്യങ്ങളാണ് ഓർമ വന്നത്. ലേഖനത്തിൽ കുറിച്ച അതേ വാചകങ്ങളായിരുന്നു ആ മുദ്രാവാക്യങ്ങളും, 'ഇനിയും രാഷ്ട്രീയ രംഗം വിടുന്നില്ലെങ്കിൽ കൈയും കാലും വെട്ടിനുറുക്കുമെന്ന്' തന്നെ അവർ താക്കീത് ചെയ്തു! എന്റെ ജീവിതത്തിൽ ആരിൽനിന്നും ഇതേവരെ അത്തരം മുദ്രാവാക്യങ്ങൾ കേൾക്കാത്തത് കൊണ്ടും ഇന്നലെ വരെ ഞങ്ങളോട് ആദരവോടെ സംസാരിച്ച നാവിൽനിന്നാണത് കേട്ടത് എന്നതുകൊണ്ടും ഒരൽപം പ്രയാസം അനുഭവപ്പെടാതിരുന്നില്ല.
പക്ഷേ, "ഇന്നിന്റെ ഇത്തരം ദുരന്തങ്ങളിൽനിന്ന് കൊണ്ട് ഇന്നലെകളിൽ മഹാന്മാരായ പ്രവാചകന്മാർ അനുഭവിച്ച ദുരിതങ്ങളിലേക്ക് മനസ്സ് തുറക്കുക" എന്ന ആശ്വാസ വചനത്തോടൊപ്പം വിശുദ്ധ ഖുർആൻ വചനങ്ങളും ചേർത്ത് കൊണ്ട് ലേഖകൻ കുറിച്ച വരികൾ വായിച്ചപ്പോഴാണ് ഞങ്ങൾ അനുഭവിച്ചത് ചരിത്രത്തിന്റെ തുടർച്ചയാണെന്ന ബോധ്യം ശരിക്കുമുണ്ടായത്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തെറികളും ഭീഷണികളും കേൾക്കേണ്ടി വന്ന സഹോദരീ സഹോദരന്മാരുടെ മനം കുളിർപ്പിക്കും ആ വരികൾ എന്നതിൽ സംശയമില്ല.
മനസ്സിലെ തീ അണച്ചുതന്ന 'ഹാദി'യെ അഭിനന്ദിക്കുന്നു.

**ഇബ്നു ഹസ്സൻ മസ്ക്കറ്റ്**

## സംഘടനാ പാക്ഷിത്വം

**സംഘടന** ഇസ്‌ലാമിന്റെ ജീവനാണ് എന്നതുപോലെ തന്നെ സംഘടനാ പാക്ഷിത്വം ഇസ്‌ലാമിന്റെ അന്തകനുമാണ്. സ്വൽപം മനസ്സിരുത്തി പഠിച്ചാലേ സംഘടനാ സ്നേഹവും സംഘടനാ പാക്ഷിത്വവും തമ്മിലുള്ള അതിർത്തി രേഖ തിരിച്ചറിയൂ. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ഇവ്വിഷയകമായ കാഴ്ചപ്പാട് സുവിദിതമാണ്. സയ്യിദ് മൗദൂദി എഴുതി: "സ്വന്തം പാർട്ടിയെ സംബന്ധിച്ച് അതിരുകവിഞ്ഞ യാതൊരു വിശ്വാസവും ഞങ്ങൾ വെച്ചു പുലർത്തുന്നില്ല. സത്യം ഞങ്ങളുടെ പാർട്ടിക്കുള്ളിൽ മാത്രം പരിമിതമാണെന്ന് ഞങ്ങൾ ഒരിക്കലും വാദിച്ചിട്ടില്ല"(*സത്യസാക്ഷ്യം*, പേജ് 32). വീണ്ടും എഴുതുന്നു: "പ്രവാചകന്റെ നേതൃത്വത്തിൽ രൂപം കൊണ്ട സംഘടനയുടെ അവസ്ഥ നമുക്കില്ലെന്ന് നല്ല പോലെ മനസ്സിലാക്കണം. ഇസ്‌ലാമിക വ്യവസ്ഥ നാമാവശേഷമായതിനെത്തുടർന്ന് അതിനെ പുനരുജ്ജീവിപ്പിക്കാൻ വേണ്ടി എഴുന്നേറ്റവരുടെ സംഘടനയാണ് നമ്മുടേത്. പ്രവാചക നേതൃത്വത്തിൽ ഒരു സംഘം രൂപം കൊള്ളുമ്പോൾ ലോകത്തെ ഇസ്‌ലാമിക സംഘം അത് മാത്രമായിരിക്കും. അതിനപ്പുറമുള്ളതെല്ലാം കുഫ്റായിരിക്കും. എന്നാൽ പിൽക്കാലത്ത് ആ വ്യവസ്ഥയുടെ പുനരുജ്ജീവനത്തിനു ശ്രമിക്കുന്ന ആളുകളെല്ലാം ഒരൊറ്റ ജമാഅത്തിൽ അണിചേർന്നു കൊള്ളണമെന്നില്ല. ഒരേസമയത്തുതന്നെ ഒന്നിലേറെ സംഘടനകളുണ്ടാവാം. എന്നാൽ അവയിലൊന്നും തങ്ങൾ മാത്രമാണ് സത്യത്തിൽ എന്നവകാശപ്പെടാവതല്ല.... ഇക്കാര്യത്തിൽ നമ്മുടെ സംഘടനയിൽ ചേരുന്ന എല്ലാവരും കണിശമായ സൂക്ഷ്മത പുലർത്തേണ്ടതാണ്. നാം തീവ്രതയൊഴിവാക്കണം. നാം ദൈവിക ദീനിനെ സേവിക്കുന്നതിനു പകരം കൂടുതൽ നാശങ്ങൾ വരുത്തിവെക്കുന്നതിന് കാരണമാവുന്നതിൽനിന്ന് അല്ലാഹു നമ്മെ രക്ഷിക്കട്ടെ ആമീൻ" (റൂദാദ് ജമാഅത്തെ ഇസ്‌ലാമി, പേജ് 16).

യഥാർഥത്തിൽ ഓരോ സംഘടനാ നേതൃത്വവും ഇങ്ങനെ വിശാലമായി ചിന്തിച്ചിരുന്നെങ്കിൽ ഒരിക്കലും നമ്മെ സംഘടനാ പാക്ഷിത്വം ഗ്രസിക്കുമായിരുന്നില്ല. സ്വന്തം ഗ്രൂപ്പിന്റെ പള്ളിയിൽ നിന്നു മാത്രം നമസ്കരിക്കുക, പാർട്ടി സമ്മേളനത്തിൽ പങ്കെടുക്കാൻ ഹജ്ജ് യാത്ര ഒഴിവാക്കുക പോലുള്ള അതിഗുരുതരമായ സംഘടനാപാക്ഷിത്വം നമുക്കിടയിൽ നടക്കുന്നുണ്ട്. ഇസ്‌ലാമിൽ നിന്നുകൊണ്ട് ജാഹിലിയ്യത്തിനു വേണ്ടി പണിയെടുക്കേണ്ടിവരുന്ന ദുരന്തത്തെക്കുറിച്ച് നബിവചനങ്ങൾ മുന്നറിയിപ്പ് നൽകിയത് ഓർക്കുക. സംഘടനാ പാക്ഷിത്വം അഭിനവ ജാഹിലിയ്യത്താണ്.

**ജമാൽ കടന്നപ്പള്ളി**


## ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവൽ

**ലാന്റ്** മാർക് ഫിലിം ആന്റ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സംസ്ഥാനതല കുട്ടികളുടെ ഹ്രസ്വ ചലച്ചിത്രോത്സവത്തിലേക്ക് കുട്ടികൾ മുഖ്യകഥാപാത്രങ്ങളായതും കുട്ടികൾ നിർമിച്ചതും കുട്ടികൾക്ക് വേണ്ടി നിർമിച്ചതുമായ 40 മിനുട്ട് വരെ ദൈർഘ്യമുള്ള കുട്ടികളുടെ ഹ്രസ്വചലച്ചിത്രങ്ങളുടെ എൻട്രികൾ ക്ഷണിച്ചു. മേളയുടെ വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക. ഫോൺ: 09288658446, 09961589099. e-mail: landmarkchildrensfilmfestival@gmail.com. website: www.landmarkchildrensfilmfest.blogspot.com